LIBRARY ARCHIVES Kerala Legislative Assembly

വനിതാ വികസന കോർപ്പറേഷൻ വായ്പകൾ

84 (534) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ 2006-10 കാലയളവിൽ പാലക്കാട് ജില്ലയിൽ വിതരണം ചെയ്ത വായ്പയുടെയും പദ്ധതികളുടെയും വിശദാംശങ്ങളുടെ അസംബ്ലിമണ്ഡലം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(ബി) ഈ കാലഘട്ടത്തിൽ എത്ര വായ്പാ അപേക്ഷകളാണ് ലഭിച്ചത് ; അതിൽ എത്രയെണ്ണത്തിന് വായ്പ അനുവദിച്ചു ; മണ്ഡലം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ 2006-10 കാലയളവിൽ പാലക്കാട് ജില്ലയിൽ 1,02,25,950 രൂപയുടെ സ്വയംതൊഴിൽ വായ്പ വിതരണം ചെയ്തിട്ടുണ്ട്. അസംബ്ലിതിരിച്ചുള്ള കണക്ക് ശേഖരിച്ചുനൽകുന്നതാണ്.

(ബി) ഈ കാലഘട്ടത്തിൽ 207 അപേക്ഷകൾ ലഭിച്ചതിൽ വായ്പ നിബന്ധനകൾ പാലിച്ച 124 പേർക്ക് വായ്പ അനുവദിച്ചിട്ടുണ്ട്. ബാക്കിയുള്ള അപേക്ഷകരിൽ അർഹമായ അപേക്ഷകൾ ആവശ്യമായ ജാമ്യരേഖകൾ ഹാജരാക്കുക, യഥാസമയം കരാർ ഒപ്പിടുക തുടങ്ങിയ നടപടിക്രമങ്ങൾ പൂർത്തിയാക്കാത്തതിനാൽ വായ്പ വിതരണംചെയ്യാൻ കഴിഞ്ഞിട്ടില്ല. മണ്ഡലം തിരിച്ചുള്ള കണക്ക് ശേഖരിച്ചുനൽകുന്നതാണ്.

കെ.എസ്.ഡബ്ല്യു.ഡി.സി.-ലെ നിയമനങ്ങൾ

85 (535) ശ്രീ. പി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഡബ്ല്യു.ഡി.സി-ലും അതിന്റെ കീഴിലുള്ളതും മറ്റ് പേരുകളിൽ പ്രവർത്തിക്കുന്നതുമായ സ്ഥാപനങ്ങളിലും ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം നാളിതുവരെ ഏതെങ്കിലും ജീവനക്കാരെ സ്ഥിരപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ അവർ ആരൊക്കെ ; തസ്തിക തിരിച്ച് വ്യക്തമാക്കുമോ ;

(ബി) ഇവരെ സ്ഥിരപ്പെടുത്തുന്നതിന് സ്വീകരിച്ച മാനദണ്ഡം വ്യക്തമാക്കുമോ ;

(സി) ഇവിടങ്ങളിൽ പുതുതായി എത്ര പേരെ ഏതെല്ലാം തസ്തികകളിൽ നിയമിച്ചു ; നിയമനം നൽകിയ രീതിയും നിയമിക്കാനുപയോഗിച്ച മാനദണ്ഡവും വ്യക്തമാക്കുമോ ;

(ഡി) ഇവിടത്തെ ഉദ്യോഗസ്ഥരിൽ ആർക്കൊക്കെ ശമ്പളത്തിന് പുറമേ റ്റി.എ, ഡെയ്‌ലി അലവൻസ്, ചായസൽക്കാര ചെലവ്, ഫോൺ ബിൽ എന്നിവ അധികമായി നൽകുന്നുണ്ട് ; അത്തരത്തിൽ ഓരോരുത്തരും ചെലവഴിച്ച തുക പട്ടിക തിരിച്ച് നൽകാമോ ;